## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4416 — 13.11.2019 ലെ മറുപടിയ്ക്ക്.

### വൈപ്പിൻ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|
| (എ) പട്ടികജാതി കോളനികളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലെ നവീകരണത്തിനായാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും സ്വയം പര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമം, പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ള കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | കോളനിയുടെ പേര് | പദ്ധതി |
|---|---|---|
| 1 | പുലയാസ് കോളനി | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി - 2012-13 |
| 2 | സീഷോർ കോളനി | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2013-14 |
| 3 | ഒ.എൽ.എച്ച് കോളനി | അംബേദ്കർ ഗ്രാമം പദ്ധതി - 2016-17 |
| 4 | ഐ.എച്ച് .ഡി.പി.കോളനി | അംബേദ്കർ ഗ്രാമം പദ്ധതി - 2016-17 |
| 5 | പല്ലംപള്ളി കോളനി | കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം(2018-19) |
| 6 | ഐ.എച്ച്.ഡി.പി കോളനി ചരിയകന്നത്ത് | കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം(2018-19) |
| 7 | പുലവായ് കോളനി | കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം(2018-19) |
| 8 | വേട്ടുവ കോളനി | കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം(2018-19) |
| 9 | ഈസ്റ്റ് മഞ്ഞനിക്കാട് | കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം(2018-19) |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) കോളനികളിലെ നിർമ്മാണ പ്രവർത്തനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതെന്നും കരാർ കാലാവധി എത്രയെന്നും വ്യക്തമാക്കാമോ : | (ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പുലയാസ്, സീഷോർ കോളനിയുടെ നിർമ്മാണ ചുമതല എഫ്.ഐ.റ്റി.യ്ക്കും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെയും പ്രളയാനന്തര കോളനികളുടെ പുന: നിർമ്മാണത്തിനുമായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണ ചുമതല എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രത്തിനുമായാണ് നൽകിയിട്ടുള്ളത്. |

<table>
<tr>
<td>(സി)</td>
<td>ഓരോ കോളനികളിലെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ</td>
<td>(സി)</td>
<td>
<table>
<tr><th>ക്രമ നം</th><th>കോളനിയുടെ പേര്</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>1</td><td>പുലയാസ് കോളനി</td><td>നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചു</td></tr>
<tr><td>2</td><td>സീഷോർ കോളനി</td><td>സാങ്കേതിക തടസ്സംമൂലം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ അവസാനിപ്പിക്കുകയും തുടർന്നുള്ള പ്രവർത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>3</td><td>ഒ.എൽ.എച്ച് കോളനി</td><td>90% പ്രവർത്തി പൂർത്തീകരിച്ചു</td></tr>
<tr><td>4</td><td>ഐ.എച്ച് .ഡി.പി.കോളനി</td><td>65% പ്രവർത്തി പൂർത്തീകരിച്ചു</td></tr>
<tr><td>5</td><td>പല്ലംപള്ളി കോളനി</td><td>എസ്റ്റിമേറ്റ് അംഗീകരിച്ചു - നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല</td></tr>
<tr><td>6</td><td>ഐ.എച്ച്.ഡി.പി കോളനി ചരിയംകുന്നത്ത്</td><td>എസ്റ്റിമേറ്റ് അംഗീകരിച്ചു - നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല</td></tr>
<tr><td>7</td><td>പുലവായ് കോളനി</td><td>ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്.</td></tr>
<tr><td>8</td><td>വേട്ടുവ കോളനി</td><td>ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്.</td></tr>
<tr><td>9</td><td>ഈസ്റ്റ് മഞ്ഞനിക്കാട്</td><td>കോളനികളുടെ പ്രളയാനന്തര പുന:നിർമ്മാണം (ഏജൻസി സമർപ്പിച്ചിട്ടുള്ള സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകിയിട്ടുണ്ട്.)</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഏതെങ്കിലും കോളനികളിൽ നിർമ്മാണം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ ?</td>
<td>(ഡി)</td>
<td>അംബേദ്കർ ഗ്രാമം പദ്ധതി 2016-17 പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഐ.എച്ച്.ഡി.പി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടില്ല. ഒ.എൽ.എച്ച് കോളനിയിൽ സംരംക്ഷണ ഭിത്തി നിർമ്മാണം പ്രാദേശിക തടസ്സംമൂലം പൂർത്തീകരിച്ചിട്ടില്ല. സീഷോർ കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ സാങ്കേതിക തടസ്സമില്ലാത്തവ പൂർത്തിയാക്കി. തുടർന്ന് ആവശ്യമുള്ള പ്രവർത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ